പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1797 — 25.03.13-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ മാർക്കറ്റ് റേറ്റിൽ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്നും പ്രസ്തുത പ്രഖ്യാപനപ്രകാരമുള്ള മണ്ണെണ്ണ മാർക്കറ്റിൽ ലഭ്യമായി തുടങ്ങിയോ എന്നും വ്യക്തമാക്കുമോ; എത്ര രൂപ നിരക്കിലാണ് പ്രസ്തുത മണ്ണെണ്ണ വിതരണം ചെയ്യുന്നതെന്നും എത്ര ലിറ്റർ മണ്ണെണ്ണ വീതമാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് എന്നും വിശദീകരിക്കുമോ; മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നത് എവിടെ നിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സംസ്ഥാന സർക്കാർ പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് മുഖാന്തിരം സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പ് വഴിയാണ് ഇപ്പോൾ മണ്ണെണ്ണ വിതരണം ചെയ്തു വരുന്നത്. സിവിൽ സപ്ലൈസ് വകുപ്പ് വഴി പെർമിറ്റ് ഉടമകൾക്ക് 10 എച്ച് പി വരെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്ററും 10 മുതൽ 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 136 ലിറ്ററും 15 എച്ച് പി ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 180 ലിറ്ററും മണ്ണെണ്ണ ലഭ്യമാക്കുന്നു. തിരുവനന്തപുരം ജില്ലയിൽ ഇപ്പോഴത്തെ പൊതു വിതരണ നിരക്ക് മണ്ണെണ്ണ ലിറ്ററൊന്നിന് 16 രൂപ 50 പൈസയാണ്. എന്നാൽ മറ്റു ജില്ലകളിൽ വിലയിൽ നേരിയ വ്യത്യാസം വരാറുണ്ട്. ഗാർഹികാവശ്യത്തിനായി സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന മണ്ണെണ്ണയിൽ നിന്നുമാണ് മത്സ്യമേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രതിമാസം 2525 കെ എൽ. മണ്ണെണ്ണ അനുവദിച്ചു നൽകി വരുന്നത്. |
| (ബി) | മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (ബി) യും (സി) യും | മത്സ്യമേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന ഇന്ധന പ്രതിസന്ധി തരണം ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക ക്വാട്ടയിലൂടെ മണ്ണെണ്ണ അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ ബഹു. പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മത്സ്യബന്ധത്തിനാവശ്യമായ മണ്ണെണ്ണ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് എന്നു പറയാമോ ? | | |

സെക്ഷൻ ഓഫീസർ